23
2025
ഫെബ്രുവരി
ഞായർ
കുംഭം 11

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.82 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-82 പേജ് 4. വില 2.00 രൂപ




02 28 തദ്ദേശവാർഡുകളിൽ വോട്ടെടുപ്പ് തിങ്കളാഴ്ച
03 കുംഭമേളയിലെ തിക്കിലും തിരക്കിലും 37 മരണമെന്ന് യുപി സർക്കാർ
04 18 ദിവസത്തിനുള്ളിൽ 3 ലക്ഷത്തിലധികം പേർക്ക് കാൻസർ സ്ക്രീനിംഗ്

# കേരളം 2047ഓടെ ഒരു ട്രില്യൺ ഡോളർ സാമ്പത്തിക വളർച്ചയിലെത്തും

കൊച്ചി: സുസ്ഥിര വികസനം, തന്ത്രപരമായ നിക്ഷേപങ്ങൾ, അഭിവൃദ്ധി പ്രാപിച്ച വ്യാവസായിക ആവാസവ്യവസ്ഥ എന്നിവയിലൂടെ 2047ഓടെ കേരളം 88 ലക്ഷം കോടി രൂപ (1 ട്രില്യൺ ഡോളർ) സാമ്പത്തിക വളർച്ച കൈവരിക്കുമെന്ന് വിദഗ്ധർ. കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ദ്വിദിന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി (ഐകെജിഎസ് 2025) യിൽ 'കേരളം ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥയിലേക്ക്' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായമുയർന്നത്.ഇന്ത്യയിലെ ആദ്യത്തെ സുസ്ഥിര ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കാൻ കേരളത്തിന് കഴിയുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. 2000 മുതൽ കേരളത്തിന്റെ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനം (ജിഎസ്ഡിപി) ഓരോ ആറ്-ഏഴ് വർഷത്തിലും ഇരട്ടിയായെന്ന് മുഖ്യപ്രഭാഷണം നടത്തിയ കെഎസ്ഐഡിസി ചെയർമാൻ സി. ബാലഗോപാൽ പറഞ്ഞു. വ്യവസായിക സൗഹൃദ ആവാസവ്യവസ്ഥയും തന്ത്രപരമായ നിക്ഷേപങ്ങളും സുസ്ഥിര വികസനവുമാണ് വളർച്ചയ്ക്കുള്ള പ്രധാന ഘടകങ്ങൾ. 1950-70 വരെയുള്ള കാലയളവിൽ ഭൂപരിഷ്കരണം തുല്യ സമൂഹത്തെയും സാമ്പത്തിക വിതരണ ക്രമവും സൃഷ്ടിച്ചുവെന്ന് ബാലഗോപാൽ ചൂണ്ടിക്കാട്ടി. 1980-90 മുതൽ ഉല്പാദനക്ഷമമായ തൊഴിൽ ശക്തിയും ഉയർന്ന മാനവ വികസന സൂചികയും നേടാൻ കേരളത്തിനായി. 1990-2000 കാലഘട്ടത്തിൽ മൂന്ന് ഐടി പാർക്കുകളുടെയും കേരള സ്റ്റാർട്ട്അപ് മിഷന്റെയും ജനനത്തോടെയാണ് ഐടിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇത് ആധുനിക സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറ പാകി. 2000ത്തിന് ശേഷം ടൂറിസത്തിലും സുസ്ഥിര വികസനത്തിലും ഗണ്യമായ വളർച്ചയ്ക്ക് സംസ്ഥാനം സാക്ഷ്യം വഹിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഇന്ത്യ 0.72 ട്രില്യൺ ഡോളറിൽ നിന്ന് 3.86 ട്രില്യൺ ഡോളറായി വളർന്നുവെന്ന് ഐബിഎസ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വികെ മാത്യൂസ് പറഞ്ഞു.2004-05ൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥ 0.97 ലക്ഷം കോടിയായിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഇത് 13.1 ലക്ഷം കോടിയായി മാറുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന് 1 ട്രില്യൺ ഡോളർ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് മാത്യൂസ് ചൂണ്ടിക്കാട്ടി. ഇന്ന് ആഗോള സമ്പദ്‌വ്യവസ്ഥയുടെ 17 ശതമാനം ഡിജിറ്റൽ ആണ്. ഇത് ഏകദേശം 18 ട്രില്യൺ ഡോളർ വരും. ഇക്കാര്യത്തിൽ നമ്മൾ ഇനിയും വളരേണ്ടതുണ്ട്. മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനം. ഡിജിറ്റലൈസേഷൻ എന്നിവയിലൂന്നിയ കേരളമാണ് സംരംഭകത്വത്തിന് ആവശ്യമെന്നും ഇതിനായി സർക്കാർ ഏറ്റവും മികച്ച നിയമങ്ങളും ചട്ടങ്ങളും സൃഷ്ടിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സർക്കാർ സ്ഥാപനങ്ങൾക്കിടയിലും സുസ്ഥിര വികസന സംരംഭങ്ങൾക്കിടയിലും കൂടുതൽ ഏകോപനത്തിന്റെ ആവശ്യകതയെക്കുറിച്ച് ഒഇഎൻ ഇന്ത്യ ലിമിറ്റഡ് എംഡി പമേല അന്ന മാത്യു പറഞ്ഞു.പരിസ്ഥിതിയും സാമൂഹിക ഉത്തരവാദിത്തവും പരിഗണിച്ചു കൊണ്ടുള്ള സംരംഭങ്ങൾക്കാണ് കേരളത്തിന്റെ നിക്ഷേപ മേഖലയിൽ ഊന്നൽ നൽകേണ്ടതെന്ന് ലുലു ഫിനാൻഷ്യൽ ഹോൾഡിങ്സ് എംഡി അദീബ് അഹമ്മദ് പറഞ്ഞു. നൈപുണ്യ ശേഷിയിലും സാങ്കേതിക രംഗത്തും മുൻപന്തിയിലുള്ള കേരളം വൈജ്ഞാനിക സമ്പദ് വ്യവസ്ഥ എന്ന നിലയിലുള്ള വളർച്ചയിൽ ഏറെ മുന്നേറിയെന്ന് ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ പറഞ്ഞു.

ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ നിരവധിയാണ്. എംഎസ്എംഇ മേഖലകളിൽ വൈവിധ്യമാർന്ന സംരംഭകത്വത്തിനും തൊഴിലിനും സാധ്യത ഏറെയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇൻവെസ്റ്റ് ഇന്ത്യ സീനിയർ വൈസ് പ്രസിഡന്റും ചീഫ് സ്ട്രാറ്റജി ഓഫീസറുമായ സിദ്ധാർത്ഥ് നാരായണൻ സംസാരിച്ചു.

ദി ഇക്കണോമിക് ടൈംസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രുതിജിത്ത് കെകെ മോഡറേറ്ററായി.

# കർഷകരുമായുള്ള രണ്ടാം ഘട്ട ചർച്ച ഇന്ന്

ചണ്ഡീഗഢ്: മിനിമം താങ്ങുവിലയ്ക്ക് നിയമപരിരക്ഷയുൾപ്പെടെ വിവിധ ആവശ്യങ്ങളുന്നയിച്ച് പ്രതിഷേധം തുടരുന്ന കർഷകരുമായുള്ള കേന്ദ്രസർക്കാർ പ്രതിനിധികളുടെ രണ്ടാം ഘട്ട ചർച്ച ചണ്ഡീഗഢിൽ ഇന്ന് വൈകുന്നേരം നടക്കും. ചർച്ച ഡൽഹിയിൽ നടത്തണമെന്ന് കർഷകർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ചണ്ഡീഗഢിൽ നടത്താൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയായിരുന്നു.

കേന്ദ്ര കൃഷി-കർഷക ക്ഷേമ മന്ത്രാലയം ജോയിന്റ് സെക്രട്ടറി പൂർണ ചന്ദ്ര കിഷൻ കർഷക നേതാക്കളായ ജഗ്ജീത് സിങ് ദല്ലേവാളിനെയും സ്വരൻ സിങ് പന്ഥേറിനും കത്തയച്ചു. കേന്ദ്ര-സംസ്ഥാന മന്ത്രിമാരും ചർച്ചയിൽ പങ്കെടുക്കുമെന്ന് കത്തിൽ പറയുന്നു. ഈ മാസം 14ന് ചണ്ഡീഗഢിൽ ഇരുവിഭാഗവും നടത്തിയ ചർച്ചയുടെ തുടർച്ചയാണിത്. ഈ മാസം രണ്ടാം വാരം നടന്ന ആദ്യ കൂടിക്കാഴ്ചയ്ക്ക് കേന്ദ്ര മന്ത്രി പ്രഹ്ലാദ് ജോഷിയായിരുന്നു നേതൃത്വം നൽകിയിരുന്നത്.

കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ കർഷക നേതാക്കളും കേന്ദ്രവും തമ്മിൽ നാല് തവണ ചർച്ച നടത്തിയിരുന്നെങ്കിലും ഫലമുണ്ടായില്ല. വിവിധ ആവശ്യങ്ങളുന്നയിച്ച് കർഷകർ നടത്തിയ ഡൽഹി ചലോ മാർച്ച് പൊലീസ് തടഞ്ഞതിനെ തുടർന്ന് ശംഭു -ഖനൗരി അതിർത്തിയിൽ കർഷകർ സമരം നടത്തി വരികയാണ്. വിളകൾക്ക് മിനിമം താങ്ങുവില ഉറപ്പാക്കുക, കാർഷിക കടങ്ങൾ എഴുതിത്തള്ളുക, കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് കർഷക സമരം. അതേസമയം കർഷകരോടുള്ള കേന്ദ്ര അവഗണനയിൽ പ്രതിഷേധിച്ച് നവംബർ 26 മുതൽ ദല്ലേവാൾ മരണം വരെ നിരാഹാര സമരം നടത്തിവരികയാണ്.

# ഹത്രാസ് ദുരന്തം: ആൾദൈവത്തിന് ജുഡീഷ്യൽ കമ്മിഷന്റെ ക്ലീൻ ചിറ്റ്

ലഖ്നൗ: ഉത്തർപ്രദേശിലെ ഹത്രാസിൽ തിക്കിലും തിരക്കിലും പെട്ട് 121 പേർ കൊല്ലപ്പെട്ട സംഭവത്തിൽ ഭോലെ ബാബയ്ക്ക് ജുഡീഷ്യൽ കമ്മിഷന്റെ ക്ലീൻ ചിറ്റ്. സംഭവത്തിൽ ഭോലെ ബാബയ്ക്ക് നേരിട്ട് പങ്കില്ലെന്ന് ഉത്തർപ്രദേശ് മന്ത്രിസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ജുഡീഷ്യൽ കമ്മിഷൻ വ്യക്തമാക്കി.

ദുരന്തത്തിന് കാരണം സംഘാടകരുടെയും ഭരണപരമായ അധികാരികളുടെയും കെടുകാര്യസ്ഥതയും കുഴപ്പങ്ങളുമാണെന്നും കമ്മിഷൻ കൂട്ടിച്ചേർത്തു. കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ചു. അപകടം അന്വേഷിക്കാനായി ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ മൂന്നംഗ ജുഡീഷ്യൽ കമ്മിഷനെ യുപി സർക്കാരാണ് നിയോഗിച്ചത്.

2024 ജൂലൈ രണ്ടിനാണ് കേസിനാസ്പദമായ സംഭവം. ഭോലെ ബാബ നടത്തിയ മതസമ്മേളനത്തിനിടെ തിക്കിലും തിരക്കിലും പെട്ട് 121 പേരാണ് മരിച്ചത്. ഇവരിൽ ഭൂരിഭാഗവും സ്ത്രീകളായിരുന്നു. നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിൽ പറയുന്നതനുസരിച്ച്, തിക്കിലും തിരക്കിലും പെട്ട് നിരവധി പേർ മരിച്ചതിന്റെ ഉത്തരവാദികൾ പരിപാടിയുടെ സംഘാടകരാണെന്നാണ് കണ്ടെത്തൽ. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിൽ തദ്ദേശ ഭരണകൂടത്തിനും ഉത്തർപ്രദേശ് പൊലീസിനും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചെന്ന് കമ്മിഷൻ പറഞ്ഞു. നേരത്തെ പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലും ഭോലെ ബാബക്ക് ക്ലീൻ ചിറ്റ് നൽകിയിരുന്നു.

# ചീഫ് ജസ്റ്റിസിന്റെ 'പരാന്നഭോജി' പരാമർശത്തിനെതിരെ തുറന്ന കത്ത്

ന്യൂഡൽഹി: രാഷ്ട്ര വികസനത്തിന് സംഭാവന നൽകി ജനങ്ങളെ മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമാക്കേണ്ടതിന് പകരം സൗജന്യ റേഷനും പണവും നൽകി സർക്കാരുകൾ ജോലി ചെയ്യുന്നതിൽ നിന്ന് ആളുകളെ പിന്തിരിപ്പിക്കുകയാണെന്നും ഇത് പരാന്നഭോജികളെ സൃഷ്ടിക്കുമെന്നുമുള്ള സുപ്രീം കോടതി ജസ്റ്റിസ് ബി ആർ ഗവായിയുടെ പരാമർശത്തിനെതിരെ ഭരണഘടന നിർവഹണ സംഘം രംഗത്ത്. പ്രതിഷേധം അറിയിച്ചുകൊണ്ട് സംഘം ബി ആർ ഗവായിക്ക് തുറന്നകത്തെഴുതി. വിരമിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥരും നയതന്ത്രജ്ഞരുമായ ജി ബാലചന്ദ്രൻ, വപ്പാല ബാലചന്ദ്രൻ, ഹർഷ് മന്ദർ, ശിവശങ്കർ മേനോൻ എന്നിവരടങ്ങുന്ന 71 പേരാണ് കത്തെഴുതിയത്. പരാമർശം നീതിരഹിതമാണെന്ന് പല കോണുകളിൽ നിന്ന് വിമർശനം ഉയർന്നിരുന്നു.

ഭരണകൂടം പരാജയപ്പെട്ടത് കൊണ്ടാണ് പല പൗരന്മാരും ദാരിദ്രത്തിലേക്ക് തള്ളിവിടപ്പെട്ടതെന്നും അന്തസോടെ ഓരോ പൗരനും ജീവിക്കാനുള്ള അവകാശം ഭരണഘടന നൽകുന്നുണ്ടെങ്കിലും ഭരണകൂടങ്ങൾ ആ കടമകൾ നിറവേറ്റുന്നില്ലെന്നും കത്തിൽ അവർ ചൂണ്ടിക്കാട്ടി. സുപ്രീം കോടതിയുടെ മുന്നിലുള്ള ഹർജികൾ നിഷ്ക്രിയരും മടിയന്മാരുമായ ജനങ്ങൾക്ക് സൗജന്യങ്ങൾ ഉറപ്പാക്കാനുള്ള ശ്രമമാണെന്ന് കരുതുന്നത് തെറ്റാണെന്നും പറയുന്നു. വീടില്ലാത്തവർ സ്വന്തം ഇഷ്ടപ്രകാരം തെരുവുകളിൽ അഭയം തേടുന്നതല്ലെന്ന് മനസ്സിലാക്കണം. ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന പൗരാവകാശങ്ങൾ സംസ്ഥാനങ്ങൾ നൽകാത്തത് കൊണ്ടാണ് ഇവർ തെരുവുകളിൽ അന്തിയുറങ്ങേണ്ടിവരുന്നതെന്നും ചൂണ്ടിക്കാട്ടി.
ഭവനരഹിതർക്കുള്ള അഭയകേന്ദ്രങ്ങൾ സംബന്ധിച്ച ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസ് ബി ആർ ഗവായി വിവാദ പരാമർശം നടത്തിയത്.

# മണിപ്പൂരിൽ വീണ്ടും സംഘർഷം

ഇംഫാൽ: മണിപ്പൂരിൽ വീണ്ടും സംഘർഷം ശക്തമാകുന്നു. ഗ്രാമസേവകരുടെ അറസ്റ്റിനെതിരെ മണിപ്പൂരിലെ ഇംഫാലിൽ പ്രതിഷേധം ശക്തമായി. റോഡുകളിൽ ടയറുകൾ കൂട്ടിയിട്ടു കത്തിച്ച് ഗതാഗതം തടസപ്പെടുത്തിയും കടകൾ ബലമായി അടപ്പിച്ചുമായിരുന്നു പ്രതിഷേധം. കാക്ചിങ് ജില്ലയിലെ പഞ്ചാവോ പല്ലുംഡയിൽ ഇന്നലെ പുലർച്ചെയാണ് സുരക്ഷാ ഉദ്യോഗസ്ഥർ പത്തോളം വളണ്ടിയർമാരെ അറസ്റ്റ് ചെയ്തത്. ഇവരെ പിന്നീട് തൗബൽ ജില്ലയിലെ ഫുന്ദ്രേയിലുള്ള സുരക്ഷാ സേനാ ക്യാമ്പിലേക്ക് മാറ്റിയതായാണ് റിപ്പോർട്ട്.

അറസ്റ്റ് ചെയ്യപ്പെട്ടവരെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് പ്രതിഷേധക്കാർ റോഡ് ഉപരോധിക്കുകയായിരുന്നു. ഇംഫാൽ ഈസ്റ്റ്, ഇംഫാൽ വെസ്റ്റ്, തൗബാൽ, കാക്ചിങ് ജില്ലകളിലാണ് പ്രധാനമായും പ്രതിഷേധ പ്രകടനങ്ങൾ നടന്നത്. കൊള്ളയടിച്ചതും അനധികൃതമായി കൈവശം വച്ചിരിക്കുന്നതുമായ ആയുധങ്ങൾ ഏഴു ദിവസത്തിനുള്ളിൽ തിരികെ നൽകണമെന്ന ഗവർണർ അജയ് കുമാർ ഭല്ലയുടെ അന്ത്യശാസനത്തിന് പിന്നാലെയായിരുന്നു അറസ്റ്റ്.

# കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷൻ സെൻററുകൾ ഇനി മുതൽ എല്ലാ ഡി.വൈ.എസ്.പി, എ.സി.പി ഓഫീസുകളിലും

**കൗൺസലിങ്ങ് സേവനങ്ങൾ നൽകാൻ തിരഞ്ഞെടുത്ത എൺപത്തിനാല് കമ്യൂണിറ്റി കൺസിലർമാർക്കുള്ള സംസ്ഥാനതല പരിശീലനം ആരംഭിച്ചു**

തിരുവനന്തപുരം: സംസ്ഥാനത്തെ എല്ലാ ഡി.വൈ.എസ്.പി, എ.സി.പി ഓഫീസുകളിലും കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷൻ സെൻററുകൾ പ്രവർത്തനം ആരംഭിക്കുന്നു. വിവിധ അതിക്രമങ്ങൾക്കിരയായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസലിങ്ങ് സേവനങ്ങൾ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പരാതിക്കാരുടെ ആവശ്യവും കേസിൻറ പ്രാധാന്യവും അനുസരിച്ച് പോലീസിൻറെ നിർദേശങ്ങൾ കൂടി പരിഗണിച്ചാകും കൗൺസലിങ്ങ് സേവനങ്ങൾ നൽകുക. ഇതിനായി കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന എൺപത്തിനാല് കമ്യൂണിറ്റി കൺസിലർമാരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഇരുപത്തിയഞ്ച് പേർ ഉൾപ്പെടുന്ന ആദ്യ ബാച്ചിൻറെ സംസ്ഥാനതല പരിശീലനം തിരുവനന്തപുരത്ത് ആരംഭിച്ചു.നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഏഴു പോലീസ് സ്റ്റേഷനുകളിൽ സ്നേഹിത എക്സ്റ്റൻഷൻ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. സമാന മാതൃകയിൽ മാർച്ച് രണ്ടാം വാരത്തോടെ സംസ്ഥാന വ്യാപകമായി എല്ലാ ഡി.വൈ.എസ്.പി, എ.സി.പി ഓഫീസുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.ആദ്യഘട്ടത്തിൽ ആഴ്ചയിൽ രണ്ടു ദിവസമായിരിക്കും കൗൺസലിങ്ങ് സേവനം ലഭ്യമാക്കുക. കൗൺസലിങ്ങിന് എത്തുന്നവർക്ക് കൂടുതൽ പിന്തുണ ആവശ്യമെങ്കിൽ അത് നൽകുന്നതിനുള്ള സംവിധാനവും ഒരുക്കും. കൂടാതെ റഫറിങ്ങ് സംവിധാനത്തിലൂടെ വിദഗ്ധ മാനസികാരോഗ്യ ചികിത്സയും ഉറപ്പാക്കും. പരാതിക്കാർക്ക് നിർഭയമായി കാര്യങ്ങൾ തുറന്നു പറയാനും ആവശ്യമായ പിന്തുണകൾ ലഭ്യമാകുന്നതിനും പദ്ധതി സഹായകരമാകും.

നിലവിൽ ഡി.വൈ.എസ്.പി, എ.സി.പി ഓഫീസുകളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകളിൽ സ്നേഹിത എക്സ്റ്റൻഷൻ സെൻററുകൾ പ്രവർത്തിക്കാൻ സ്ഥല സൗകര്യമില്ലെങ്കിൽ സബ്ഡിവിഷൻ പരിധിയിലുള്ള സൗകര്യപ്രദമായ മറ്റു പോലീസ് സ്റ്റേഷനുകൾ ഇതിനായി കണ്ടെത്തും. കൗൺസലിങ്ങ് സേവനങ്ങൾ നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യവുമൊരുക്കും.

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ നിയമസഹായം, താൽക്കാലിക താമസം, കൗൺസലിങ്ങ് എന്നിവ നൽകുന്നതിനായി പ്രവർത്തിക്കുന്ന കുടുംബശ്രീ സംവിധാനമാണ് സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്. നിലവിൽ പതിനാല് ജില്ലകളിലും അട്ടപ്പാടിയിലും സ്നേഹിത പ്രവർത്തിക്കുന്നുണ്ട്.



# 28 തദ്ദേശവാർഡുകളിൽ വോട്ടെടുപ്പ് തിങ്കളാഴ്ച

സംസ്ഥാനത്തെ 28 തദ്ദേശവാർഡുകളിൽ ഫെബ്രുവരി 24 ന് വോട്ടെടുപ്പ് നടത്തുന്നതിന് മുന്നൊരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. വോട്ടെടുപ്പ് തിങ്കളാഴ്ച രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ്.

സമ്മതിദായകർക്ക് വോട്ട് ചെയ്യുന്നതിന് തിരിച്ചറിയൽ രേഖകളായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നല്കിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ആധാർകാർഡ്, ഫോട്ടോ പതിച്ചുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറ് മാസക്കാലയളവിന് മുൻപുവരെ നല്കിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നല്കിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവ ഉപയോഗിക്കാം.

വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ 30 വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. കാസർകോട് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ കോളിക്കുന്ന്, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ പള്ളിപ്പാറ വാർഡുകളിൽ സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

ഒരു കോർപ്പറേഷൻ വാർഡ്, രണ്ട് ബ്ലോക്ക്പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 22 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലേയ്ക്കാണ് 24 ന് വോട്ടെടുപ്പുള്ളത്.

28 വാർഡുകളിലായി ആകെ 87 സ്ഥാനാർഥികളാണ് ജനവിധി തേടുന്നത്. അതിൽ 52 പേർ സ്ത്രീകളാണ്. വോട്ടെടുപ്പിന് 77 പോളിംഗ് ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്. പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം പൂർത്തിയായി. ബാലറ്റ് പേപ്പറുകൾ അച്ചടിച്ച് വരണാധികാരികൾക്ക് കൈമാറി. വോട്ടിംഗ് മെഷീനുകളും സജ്ജമാക്കി കഴിഞ്ഞു.

പോളിംഗിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ വോട്ടിംഗ് മെഷീനും പോളിംഗ് സാമഗ്രികളും കൈപ്പറ്റുന്നതിനുമുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. വോട്ടെടുപ്പ് ദിവസം രാവിലെ ആറ് മണിക്ക് മോക്ക് പോൾ നടത്തും.

ഉപതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക ജനുവരി 28 ന് പ്രസിദ്ധീകരിച്ചിരുന്നു. പട്ടികയിൽ ആകെ 59116 വോട്ടർമാരാണുള്ളത്. 27843 പുരുഷന്മാരും 31273 സ്ത്രീകളും. കമ്മീഷന്റെ www.sec.kerala.gov.in വെബ്സൈറ്റിലും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലും വോട്ടർപട്ടിക ലഭ്യമാണ്.

ക്രമസമാധാനപാലനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രശ്നബാധിത ബൂത്തുകളിൽ പ്രത്യേക പോലീസ് സുരക്ഷ ഏർപ്പെടുത്തും. വോട്ടെണ്ണൽ ഫെബ്രുവരി 25 ന് രാവിലെ 10 ന് വിവിധ കേന്ദ്രങ്ങളിൽ നടത്തും. തിരഞ്ഞെടുപ്പ് ഫലം കമ്മീഷന്റെ വെബ്സൈറ്റിലെ https://www.sec.kerala.gov.in/public/te/ ലിങ്കിൽ ലഭ്യമാകും.

സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതത് തദ്ദേശസ്ഥാപന സെക്രട്ടറിക്ക് തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം നൽകേണ്ടതാണ്. തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ വാർഡുകൾ (ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് നമ്പർ, വാർഡിന്റെ പേര് ക്രമത്തിൽ)

| ക്രമനമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും |
|---|---|---|---|
| 1 | തിരുവനന്തപുരം | സി 01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 79 ശ്രീവരാഹം |
| 2 | തിരുവനന്തപുരം | ജി 17 കരുംകുളം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുപള്ളി |
| 3 | തിരുവനന്തപുരം | ജി 34 പൂവച്ചൽ ഗ്രാമപഞ്ചായത്ത് | 05 പുളിങ്കോട് |
| 4 | തിരുവനന്തപുരം | ജി 52 പാങ്ങോട് ഗ്രാമപഞ്ചായത്ത് | 01 പുലിപ്പാറ |
| 5 | കൊല്ലം | എം 87 കൊട്ടാരക്കര മുനിസിപ്പാലിറ്റി | 20 കല്ലുവാതുക്കൽ |
| 6 | കൊല്ലം | ബി 16 അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത് | 07 അഞ്ചൽ |
| 7 | കൊല്ലം | ബി 17 കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത് | 08 കൊട്ടറ |
| 8 | കൊല്ലം | ജി 02 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുമാംമൂട് |
| 9 | കൊല്ലം | ജി 04 ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 02 പ്രയാർ തെക്ക് ബി |
| 10 | കൊല്ലം | ജി 30 ഇടമുളക്കൽ ഗ്രാമപഞ്ചായത്ത് | 08 പടിഞ്ഞാറ്റിൻ കര |
| 11 | പത്തനംതിട്ട | എം 09 പത്തനംതിട്ട മുനിസിപ്പാലിറ്റി | 15 കുമ്പഴ നോർത്ത് |
| 12 | പത്തനംതിട്ട | ജി 13 അയിരൂർ ഗ്രാമപഞ്ചായത്ത് | 16 തടിയൂർ |
| 13 | പത്തനംതിട്ട | ജി 18 പുറമറ്റം ഗ്രാമപഞ്ചായത്ത് | 01 ഗ്യാലക്സി നഗർ |
| 14 | ആലപ്പുഴ | ജി 33 കാവാലം ഗ്രാമപഞ്ചായത്ത് | 03 പാലോടം |
| 15 | ആലപ്പുഴ | ജി 36 മുട്ടാർ ഗ്രാമപഞ്ചായത്ത് | 03 മിത്രക്കരി ഈസ്റ്റ് |
| 16 | കോട്ടയം | ജി 26 രാമപുരം ഗ്രാമപഞ്ചായത്ത് | 07 ജി വി സ്കൂൾ വാർഡ് |
| 17 | ഇടുക്കി | ജി 30 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | 07 ദൈവംമേട് |
| 18 | എറണാകുളം | എം 22 മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 13 ഈസ്റ്റ് ഹൈസ്കൂൾ വാർഡ് |
| 19 | എറണാകുളം | ജി 18 അശമന്നൂർ ഗ്രാമപഞ്ചായത്ത് | 10 മേതല തെക്ക് |
| 20 | എറണാകുളം | ജി 54 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 10 പനങ്കര |
| 21 | എറണാകുളം | ജി 79 പായിപ്ര ഗ്രാമപഞ്ചായത്ത് | 10 നിരപ്പ് |
| 22 | തൃശ്ശൂർ | ജി 07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 11 മാന്തോപ്പ് |
| 23 | പാലക്കാട് | ജി 44 മുണ്ടൂർ ഗ്രാമപഞ്ചായത്ത് | 12 കീഴ്പാടം |
| 24 | മലപ്പുറം | ജി 27 കരുളായി ഗ്രാമപഞ്ചായത്ത് | 12 ചക്കിട്ടാമല |
| 25 | മലപ്പുറം | ജി 91 തിരുനാവായ ഗ്രാമപഞ്ചായത്ത് | 08 എടക്കുളം ഈസ്റ്റ് |
| 26 | കോഴിക്കോട് | ജി 06 പുറമേരി ഗ്രാമപഞ്ചായത്ത് | 14 കുഞ്ഞല്ലൂർ |
| 27 | കണ്ണൂർ | ജി 65 പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് | 03 താഴെ ചമ്പാട് |
| 28 | കാസർഗോഡ് | ജി 26 കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് | 05 അയറോട്ട് |

## സൈബർ സെക്യൂരിറ്റി പ്രോഗ്രാം

ഡിജിറ്റൽ യൂണിവേഴ്സിറ്റി എസ്.സി. വിഭാഗക്കാർക്കായി നടത്തുന്ന ഒരു വർഷത്തെ സൗജന്യ സൈബർ സെക്യൂരിറ്റി പ്രോഗ്രാമിലേക്ക് അപേക്ഷിക്കാം. അതിനൂതന സൈബർ സെക്യൂരിറ്റി പരിശീലനവും ഇൻഡസ്ട്രി സർട്ടിഫിക്കേഷനുകളും നൂറ് ശതമാനം പ്ലേസ്മെന്റുമാണ് കോഴ്സിന്റെ സവിശേഷത. ഫെബ്രുവരി 28 വരെ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് :

https://duk.ac.in/skills, 7025925225/8848054389, info.ksaac@duk.ac.in.

## ഗസ്റ്റ് അധ്യാപക നിയമനം

തിരുവനന്തപുരം, ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിങ് കോളേജിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപക (അസിസ്റ്റന്റ് പ്രൊഫസറുടെ) നിയമനത്തിന് ഫെബ്രുവരി 27 ന് അഭിമുഖം നടക്കും. ഇൻഫർമേഷൻ ടെക്നോളജി/ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ ഒന്നാം ക്ലാസോടെ എം.ഇ/ എം.ടെക് ആണ് യോഗ്യത. താൽപര്യമുള്ളവർ പേര്, മേൽവിലാസം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി എഴുത്ത് പരീക്ഷയ്ക്കും അഭിമുഖത്തിനുമായി രാവിലെ 10 ന് ഇൻഫർമേഷൻ ടെക്നോളജി വിഭാഗം വകുപ്പ് മേധാവിയുടെ ചേംബറിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: http://www.gecbh.ac.in, 0471-2300484.

## പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ് 25ന്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ഫെബ്രുവരി 25ന് രാവിലെ 11 മണിക്ക് വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മീഷന്റെ കോർട്ട് ഹാളിൽ സിറ്റിംഗ് നടത്തുന്നു. കുളത്തുപ്പുഴ പഞ്ചായത്തിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിൽ ജോലി ചെയ്തുവരുന്ന മുത്തുരാജ സമുദായത്തിൽപ്പെട്ടവരെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, ചെട്ടിയാർ സമുദായത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി പുനഃപരിശോധിക്കണമെന്ന ആവശ്യം, കളരിക്കുറിപ്പ് കളരിപ്പണിക്കാർ സമുദായത്തെ സ്വതന്ത്ര സമുദായമായി സർക്കാർ കണക്കാക്കണമെന്നും അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് മുകുന്ദൻ കുറുപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജി എന്നിവ പരിഗണിക്കും. സിറ്റിംഗിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ. എ. വി. ജോർജ്ജ്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## അഭിമുഖ പരീക്ഷ

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത കൂടൽമാണിക്യം ദേവസ്വത്തിലെ കീഴ്ശാന്തി (കാറ്റ നം. 19/2023) തസ്തികയുടെ അഭിമുഖ പരീക്ഷ മാർച്ച് 3ന് തിരുവനന്തപുരത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ രാവിലെ 9 മണി മുതൽ നടക്കും.

ഷെഡ്യൂൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഇന്റർവ്യൂ മെമ്മോ ഉദ്യോഗാർഥിയുടെ ദേവജാലിക പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസലും കോപ്പിയും ഇന്റർവ്യൂ മെമ്മോയും സഹിതം ഹാജരാകണം. അഭിമുഖ പരീക്ഷ സംബന്ധിച്ച അറിയിപ്പ് ദേവജാലിക പ്രൊഫൈലിൽ നൽകിയിട്ടുള്ള രജിസ്റ്റേർഡ് മൊബൈൽ നമ്പറിലും ലഭിക്കും.

## കിക്മയിൽ എം.ബി.എ അഭിമുഖം

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) പ്രവേശനത്തിനുള്ള അഭിമുഖം ഫെബ്രുവരി 24ന് രാവിലെ 10 മുതൽ ഒന്ന് വരെ കോഴിക്കോട് തളി ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോളേജിലും 25ന് രാവിലെ 10 മുതൽ ഒന്ന് വരെ കണ്ണൂർ കാൾടെക്സ് ചേനോളി ജംഗ്ഷനിലുള്ള സഹകരണ പരിശീലന കേന്ദ്രത്തിലും അഭിമുഖം നടക്കും.

50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. കെ-മാറ്റ് / സി-മാറ്റ് / ക്യാറ്റ് എന്നിവയ്ക്ക് തയ്യാറെടുക്കുന്നവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8547618290/ 9447002106. വെബ്സൈറ്റ്: www.kicma.ac.in.

## സൗജന്യ പരിശീലനം

സംസ്ഥാന റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് അവസാന വർഷ ബിരുദ വിദ്യാർഥികൾക്കായി ദുരന്തനിവാരണമേഖലയിലെ പഠന തൊഴിൽ സാധ്യതകളെപ്പറ്റി സൗജന്യ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

താൽപ്പര്യമുള്ള കോളേജുകളിൽ ഫെബ്രുവരി 28ന് മുമ്പായി ildm.kerala.gov.in വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ടൈം സ്ലോട്ട് എടുക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾക്കാണ് സൗജന്യ പരിശീലനം. വിശദവിവരങ്ങൾക്ക്: www.ildm.kerala.gov.in ഫോൺ: 8547610005.

## വാക്ക് ഇൻ ഇന്റർവ്യൂ

ഭാരതീയ ചികിത്സാ വകുപ്പിന്റെ ജില്ലാ പഞ്ചായത്ത് പദ്ധതിയായ ആയുർസാന്ത്വനത്തിലേക്ക് മൾട്ടിപർപ്പസ് വർക്കർ / ആയുർവേദ തെറാപ്പിസ്റ്റ് തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

താല്പര്യമുള്ളവർ വിശദമായ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, മേൽ വിലാസം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി ഫെബ്രുവരി 27 രാവിലെ 10 മണിക്ക് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഹാളിൽ എത്തിച്ചേരണം.

## യുഎസ് സമാധാന പദ്ധതിയെ പിന്തുണച്ച് ചൈന

ഉക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ശ്രമങ്ങളെ പിന്തുണച്ച് ചൈന. ഉക്രെയ്നിൽ സമാധാനത്തിന് അനുകൂലമായ എല്ലാ ശ്രമങ്ങളെയും ചൈന പിന്തുണയ്ക്കുന്നു. വിഷയത്തിൽ അമേരിക്കയും റഷ്യയും തമ്മിൽ അടുത്തിടെയുണ്ടായ സമവായവും സ്വാഗതാർഹമാണെന്ന് ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി പറഞ്ഞു. ജോഹന്നാസ്ബർഗിൽ നടന്ന ജി20 യോഗത്തിൽ സംസാരിക്കവേയായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന. പ്രതിസന്ധിയുടെ രാഷ്ട്രീയ പരിഹാരത്തിൽ ക്രിയാത്മകമായ പങ്ക് വഹിക്കാൻ തുടർന്നും തയ്യാറാണെന്നും വാങ് യി പറഞ്ഞു. ജി20 യുടെ ഭാഗമായി റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

## ഉക്രെയ്ൻ ജനാധിപത്യരാജ്യമാണ്; ട്രംപിന്റെ പ്രസ്താവനകൾക്കെതിരെ യൂറോപ്യൻ യൂണിയൻ

പാരിസ്: ഉക്രെയ്ൻ പ്രസിഡന്റ് വ്ലാദിമിർ സെലൻസ്കി സ്വേച്ഛാധിപതിയാണെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പരാമർശത്തിനെതിരെ യൂറോപ്യൻ യൂണിയൻ. സ്വതന്ത്രവും നീതിയുക്തവും ജനാധിപത്യപരവുമായ തെരഞ്ഞെടുപ്പ്കളിലൂടെയാണ് സെലൻസ്കി ഉക്രെയ്ൻ പ്രസിഡന്റായത്. ഉക്രെയ്ൻ ഒരു ജനാധിപത്യ രാജ്യമാണ്, പുടിന്റെ റഷ്യ അങ്ങനെയല്ലെന്നും യൂറോപ്യൻ യൂണിയൻ വക്താവ് സ്റ്റെഫാൻ ഡികീർസ്മേക്കർ പറഞ്ഞു. സെലൻസ്കിക്കെതിരായ ട്രംപിന്റെ പരോക്ഷ വിമർശനങ്ങൾ, ഉക്രെയ്നുമായുള്ള യുഎസിന്റെ ബന്ധത്തിൽ മാറ്റം വരുത്തുമോയെന്ന ആശങ്ക യൂറോപ്പിൽ വർധിപ്പിച്ചിട്ടുണ്ട്. ഏതൊരു ചർച്ചയിലും ഉക്രെയ്നും യൂറോപ്പും ഒരുപോലെ പങ്കു വഹിക്കണമെന്നാണ് യൂണിയന്റെ ആവശ്യം. ഉക്രെയ്നിന്റെയോ യൂറോപ്യൻ യൂണിയന്റെയോ പങ്കാളിത്തമില്ലാതെ യുദ്ധത്തിൽ പൂർണ പരിഹാരമുണ്ടാകില്ലെന്നും കീർസ്മേക്കർ പറഞ്ഞു. ഉക്രെയ്നിന്റെ സുരക്ഷ യൂറോപ്യൻ യൂണിയന്റെ സുരക്ഷയാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കും.

## എഎംയു വിദ്യാർത്ഥി ആത്മഹത്യ ചെയ്തു

ലഖ്നൗ: ഉത്തർപ്രദേശിലെ അലിഗഡ് മുസ്ലിം സർവകലാശാലയിലെ(എഎംയു) വിദ്യാർത്ഥിയെ ആത്മഹത്യ ചെയ്തനിലയിൽ കണ്ടെത്തി. എംഎ ഒന്നാം വർഷ വിദ്യാർത്ഥി മുഹമ്മദ് ഷാക്കിർ (25) ആണ് മരിച്ചത്. വെള്ളിയാഴ്ച രാവിലെ ഹോസ്റ്റൽ മുറിക്ക് സമീപത്തായി ആളൊഴിഞ്ഞ സ്ഥലത്ത് തൂങ്ങിയ നിലയിലാണ് മൃതദേഹം കണ്ടെത്തിയത്. വ്യാഴാഴ്ച രാത്രി ഭക്ഷണം കഴിച്ച് പതിവുപോലെ മുഹമ്മദ് ഹോസ്റ്റൽ മുറിയിലേക്ക് പോകുന്നത് കണ്ടതാണെന്ന് ജീവനക്കാർ പൊലീസിനോട് പറഞ്ഞു. ലംഖിപൂർ ഖേരി സ്വദേശിയായ മുഹമ്മദ് ഷാക്കിർ സാധാരണ കുടുംബത്തിൽപ്പെട്ടയാളാണ്. സംഭവത്തിൽ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

## ട്രെയിനി നിയമനത്തിന് അപേക്ഷിക്കാം

കേരളത്തിലെ മാധ്യമ മേഖലയിലെ പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിലുള്ളവരുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കേരളമീഡിയ അക്കാദമിയുമായി ചേർന്ന് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയിലേക്ക് അപേക്ഷിക്കാം. പട്ടികജാതി വികസനവകുപ്പിന്റെ TRACE പദ്ധതിയുടെ ഭാഗമായി ഈ വിഭാഗത്തിലെ 15 പേർക്ക് വിവിധ മാധ്യമ സ്ഥാപനങ്ങളിൽ പരമാവധി രണ്ടുവർഷത്തെ ട്രെയിനി നിയമനം നൽകുന്നു. ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷനിൽ ഡിപ്ലോമ/ ബിരുദം/ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് അപക്ഷിക്കാം.

21 നും 35 വയസ്സിനുമിടയിൽ പ്രായമുള്ള പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരുടെ സെലക്ഷൻ ലിസ്റ്റ് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ച് കേരള മീഡിയ അക്കാദമി തയ്യാറാക്കും. ഇവരിൽ നിന്നും മാധ്യമസ്ഥാപനങ്ങളിൽ നിയമിതരാകുന്ന ട്രെയിനികൾക്ക് പ്രതിമാസം 15000 രൂപ സർക്കാർ ഓണറേറിയം നൽകും. ഒരു വർഷത്തേക്കാണ് ട്രെയിനി നിയമനമെങ്കിലും ആവശ്യമെങ്കിൽ ഒരു വർഷം കൂടി നീട്ടിനൽകാം. ഇതിനോടകം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വിശദ വിവരങ്ങളും അപേക്ഷാ ഫോറവും www.keralamediaacademy.org, www.scdd.kerala.gov.in വെബ്സൈറ്റുകളിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ നേരിട്ടോ തപാൽ മാർഗമോ മാർച്ച് 3 നകം സമർപ്പിക്കണം. വിലാസം: സെക്രട്ടറി, കേരള മീഡിയ അക്കാദമി, സീപോർട്ട് എയർപോർട്ട് റോഡ്, കാക്കനാട്, കൊച്ചി-682030. ഫോൺ: 0484-242227.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൽ ഗവ ഐ.ടി.ഐയിൽ ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡിൽ ഒ.സി വിഭാഗത്തിനും ഡി/സിവിൽ ട്രേഡിൽ എം.യു വിഭാഗത്തിനും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനത്തിന് ഫെബ്രുവരി 25ന് അഭിമുഖം നടത്തും. യോഗ്യത സംബന്ധിച്ച വിവരം www.cstaricalcutta.gov.in വെബ്സൈറ്റിൽ ലഭിക്കും. താല്പര്യമുള്ളവർ യോഗ്യത തെളിയിയ്ക്കുന്ന അസ്സൽ രേഖകളും പകർപ്പുകളുമായി രാവിലെ 10.30 ന് ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0470 2622391

## ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങൾക്ക് വിവിധ മത്സര പരീക്ഷ പരിശീലനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നടപ്പാക്കി വരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഘടകമായ മെഡിക്കൽ/ എൻജിനീയറിങ് പരിശീലന വിഭാഗത്തിന്റെ 2024-25 വർഷത്തെ ഗുണഭോക്താക്കളുടെ അന്തിമ മുൻഗണനാ പട്ടിക www.bcd.kerala.gov.in, www.egrantz.kerala.gov.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ബന്ധപ്പെടുക.

## സീനിയർ റസിഡന്റ് അഭിമുഖം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഡെർമറ്റോളജി വിഭാഗത്തിൽ സീനിയർ റസിഡന്റ് നിയമനത്തിന് മാർച്ച് 3ന് അഭിമുഖം നടത്തും. ഡെർമറ്റോളജി വിഭാഗത്തിലുള്ള പി.ജിയും റ്റി.സി.എം.സി രജിസ്ട്രേഷനുമാണ് യോഗ്യത. താൽപര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റയും സഹിതം രാവിലെ 11 മണിക്ക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം.

## ഗൈനക്കോളജി വിഭാഗത്തിൽ നിയമനം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഗൈനക്കോളജി വിഭാഗത്തിൽ സീനിയർ റസിഡന്റ് തസ്തികയിൽ മാർച്ച് 4ന് അഭിമുഖം നടത്തും. ഗൈനക്കോളജി വിഭാഗത്തിലുള്ള പി.ജിയും റ്റി.സി.എം.സി രജിസ്ട്രേഷനുമാണ് യോഗ്യത. താൽപര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബയോഡാറ്റ എന്നിവ സഹിതം രാവിലെ 11 മണിക്ക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ ഹാജരാകണം.

## നാഷണൽ സർവീസ് സ്കീം വി എച്ച് എസ് ഇ വിഭാഗം സംസ്ഥാന അവാർഡ് ദാനം

വിദ്യാർത്ഥി വ്യക്തിത്വ വികസനം ലക്ഷ്യമാക്കി വിദ്യാർത്ഥി, വിദ്യാലയ, സാമൂഹ്യ പ്രവർത്തനങ്ങൾ നിർവഹിച്ചതിൽ മികവു തെളിയിച്ച വി.എച്ച്.എസ്.ഇ വിഭാഗം സ്കൂൾ എൻ.എസ്.എസ് യൂണിറ്റുകൾക്കുള്ള സംസ്ഥാന അവാർഡുകൾ മന്ത്രി വി ശിവൻകുട്ടി സമ്മാനിക്കും. 2025 ഫെബ്രുവരി 25 ചൊവ്വാഴ്ച തിരുവനന്തപുരം ജഗതി പൊതുവിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ആഡിറ്റോറിയത്തിൽ രാവിലെ 9 മണിക്ക് നടക്കുന്ന 'നിസ്തുലം' പരിപാടിയിലാണ് പുരസ്ക്കാരങ്ങൾ നൽകുന്നത്.വയനാട് മുണ്ടക്കൈ, ചൂരൽ മലയിൽ ഉണ്ടായ പ്രകൃതി ദുരന്ത പശ്ചാത്തലത്തിൽ, സംസ്ഥാനമൊട്ടുക്കും വി.എച്ച്.എസ്.ഇ എൻ.എസ്.എസ് വിദ്യാർത്ഥികൾ തനത് പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് സമാഹരണം നടത്തിയ വിഭവങ്ങൾ വിദ്യാർത്ഥികൾ മന്ത്രിക്ക് ചടങ്ങിൽ കൈമാറും. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ് എസ് ചടങ്ങിൽ സംബന്ധിക്കും.

## ഇന്റർവ്യൂ റദ്ദ് ചെയ്തു

കഴക്കൂട്ടം വനിതാ ഐ ടി ഐ യിൽ ടെക്നിഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം ട്രേഡിലേക്ക് മാർച്ച് 6 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമന ഇന്റർവ്യൂ സാങ്കേതിക കാരണങ്ങളാൽ റദ്ദ് ചെയ്ത വിവരം വ്യവസായിക പരിശീലന വകുപ്പ് പത്രക്കുറിപ്പിൽ അറിയിച്ചു.

## സേവനം ലഭ്യമാകില്ല

പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റ് പുതിയ സെർവറിലേക്ക് മാറ്റുന്ന സാങ്കേതിക പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിന്റേയും പീപ്പിൾസ് റസ്റ്റ് ഹൗസുകളിലേക്കുള്ള ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിന്റേയും സേവനം ഫെബ്രുവരി 24 രാവിലെ 10 മുതൽ 27 രാവിലെ 10 മണിവരെ താൽക്കാലികമായി ലഭ്യമാകില്ലെന്ന് ചീഫ് എൻജിനീയർ അറിയിച്ചു.

## ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024-25 ലെ സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർഥികളുടെ താൽക്കാലിക ലിസ്റ്റ് രീഹഹലഴശമലേലറൗ.സലൃമഹമ.ഴീ.ശി, റരലരെവീഹമൃവെശു.സലൃമഹമ.ഴീ.ശി വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. പ്ലസ്ടു പരീക്ഷയിൽ 85 ശതമാനവും അതിലധികവും മാർക്ക് നേടിയ ബിപിഎൽ വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ഐ.ഡി. നമ്പർ എന്നിവ ലിസ്റ്റ് പരിശോധിച്ച് ഉറപ്പാക്കണം. അപേക്ഷയോടൊപ്പം ബി.പി.എൽ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്ത ലിസ്റ്റിൽ 'ചഛഠ' എന്ന് രേഖപ്പെടുത്തിയ വിദ്യാർഥികൾ നിശ്ചിത മാതൃകയിലുള്ള ബി.പി.എൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപ്പെടുത്തി മാർച്ച് 5 വൈകിട്ട് 5 ന് മുൻപായി statemeritscholarship@gmail.com ഇ-മെയിലിലോ നേരിട്ടോ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് : 9446780308.

# കുംഭമേളയിലെ തിക്കിലും തിരക്കിലും 37 മരണമെന്ന് യുപി സർക്കാർ

ന്യൂഡൽഹി: മഹാകുംഭമേളയോട് അനുബന്ധിച്ച് മൗനി അമാവാസി ദിനത്തിൽ നടന്ന തിക്കിലും തിരക്കിലും പെട്ട് മരിച്ചവരുടെ എണ്ണം ഉത്തർപ്രദേശ് മുഖ്യമന്ത്രി ആദിത്യനാഥ് തിരുത്തി. ജനുവരി 29ന് പ്രയാഗ്‌രാജിൽ നടന്ന അപകടത്തിൽ 37 പേർ മരിച്ചെന്ന് സമ്മതിച്ചു. സംഭവദിവസം മേളയുടെ മറ്റൊരു പ്രദേശത്ത് ഏഴ് പേർ കൂടി മരിച്ചെന്നാണ് മുഖ്യമന്ത്രി നിയമസഭയിൽ വെളിപ്പെടുത്തിയത്. പ്രതിപക്ഷ പ്രതിഷേധം ശക്തമായതിനെ തുടർന്നാണിത്. സർക്കാരിനെ പ്രതിരോധിക്കാനായി 1954ലെ മഹാകുംഭമേളയിൽ 800 പേർ മരിച്ചെന്ന കണക്കുകൾ അദ്ദേഹം നിരത്തുകയും ചെയ്തു. കുംഭമേള നടത്തിപ്പിലെ കെടുകാര്യസ്ഥതയും മരിച്ചവരുടെ എണ്ണം മറച്ചുവച്ചതും ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം രംഗത്തെത്തിയതോടെയാണ് ആദിത്യനാഥ് കണക്കുകൾ അവതരിപ്പിക്കാൻ നിർബന്ധിതനായത്.

1954ലെ കുംഭമേളയിൽ അപകടം സംഭവിച്ചതിന്റെ തലേദിവസം അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും രാഷ്ട്രപതി രാജേന്ദ്രപ്രസാദും അവിടെയുണ്ടായിരുന്നിട്ടും തിക്കും തിരക്കും ഉണ്ടായെന്ന മുട്ടാപോക്ക് ന്യായവും ആദിത്യനാഥ് നിരത്തി. കഴിഞ്ഞ മാസം 29ന് ആൾക്കൂട്ടം നിയന്ത്രണാതീതമായതോടെ ബാരിക്കേഡുകൾ തകരുകയും തുടർന്നുണ്ടായ തിക്കിലും തിരക്കിലും ആളുകൾ മരിക്കുകയായിരുന്നെന്നും മുഖ്യമന്ത്രി സഭയെ അറിയിച്ചു. ഈ സമയം പ്രദേശത്ത് അഞ്ച് കോടി ആളുകളുണ്ടായിരുന്നെന്നും അവകാശപ്പെട്ടു. പ്രയാഗ്‌രാജിന് 25 ലക്ഷം പേരെ വഹിക്കാനുള്ള ശേഷിയേ ഉള്ളൂ എന്നും ന്യായീകരിച്ചു. ബന്ധുക്കളുടെ ആഗ്രഹപ്രകാരമാണ് പോസ്റ്റുമോർട്ടം നടത്താതെ മൃതദേഹങ്ങൾ വിട്ടുകൊടുത്തതെന്ന വിചിത്ര ന്യായവും നിരത്തി. പോസ്റ്റുമോർട്ടം നടത്താത്തതിനെ പ്രതിപക്ഷനേതാക്കൾ ശക്തമായി വിമർശിച്ചിരുന്നു. മരിച്ചവരുടെ ബന്ധുക്കൾ, മജിസ്ട്രേട്ട്, പൊലീസ്, ജില്ലാ ഭരണകൂടം എന്നിവരുടെ സാനിധ്യത്തിലാണ് നടപടിക്രമങ്ങൾ നടന്നതെന്നും വിശദീകരിച്ചു.പ്രതിപക്ഷം ഇതൊന്നും അംഗീകരിക്കാൻ തയ്യാറായില്ല. സാധാരണ തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കാതിരിക്കുകയും അവരുടെ ചെലവിൽ വിഐപികൾക്ക് സ്നാനം ചെയ്യാനുള്ള ഏർപ്പാടുകൾ ഒരുക്കുകയും ചെയ്തെന്ന് പ്രതിപക്ഷ എംഎൽഎമാർ ചൂണ്ടിക്കാട്ടി. മരിച്ച 30 പേരിൽ ഒരാൾ ഒഴികെയുള്ളവരെ തിരിച്ചറിഞ്ഞെന്നും അയാളുടെ ഡിഎൻഎ സൂക്ഷിച്ച് വച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. പരിക്കേറ്റ 36 പേരിൽ 35 പേരും ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങിയെന്നും പറഞ്ഞു.

# ഇന്ത്യാസ് ഗോട്ട് ലാറ്റന്റ് വിവാദം നടി രാഖി സാവന്തിന് സമൻസ്

മുംബൈ: ഇന്ത്യാസ് ഗോട്ട് ലാറ്റന്റ് വിവാദത്തിൽ നടി രാഖി സാവന്തിന് മഹാരാഷ്ട്ര സൈബർ പൊലീസ് സമൻസ് അയച്ചു. ചോദ്യം ചെയ്യലിനായി ഈ മാസം 27ന് ഹാജരാകാനാണ് നിർദേശം.

ഷോയുടെ ജഡ്ജായിരുന്നു രാഖി സാവന്ത്. മറ്റ് ജഡ്ജസുമാരായിരുന്ന രൺവീർ അലാബാദിയയോടും ആശിഷ് ചഞ്ചലാനിയോടും മൊഴിരേഖപ്പെടുത്താൻ തിങ്കളാഴ്ച ഹാജരാകണമെന്ന് സൈബർ പൊലീസ് നിർദേശം നൽകിയിട്ടുണ്ട്. നേരത്തെ ചഞ്ചലാനി സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷയിൽ ഗുവാഹട്ടി കോടതി അദ്ദേഹത്തിന് ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു.

യു ട്യൂബ് ഷോയായ ഇന്ത്യാസ് ഹോട്ട് ലാറ്റന്റ് പരിപാടിയ്ക്കിടെ രൺവീർ അലാബാദിയ മത്സരാർത്ഥിയോട് ചോദിച്ച ചോദ്യമാണ് വിവാദങ്ങൾക്ക് തുടക്കമിട്ടത്. സംഭവത്തിന്റെ വീഡിയോ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതിനു പിന്നാലെ ഷോയ്ക്കെതിരെ രൂക്ഷ വിമർശനങ്ങളാണ് ഉയർന്നുവന്നത്. നേരത്തെ ഷോയിൽ പങ്കെടുത്ത 40 പേർക്ക് സൈബർ സെൽ പൊലീസ് നോട്ടീസ് അയച്ചിരുന്നു. ഇതിൽ പലരെയും ഇതിനോടകം തന്നെ ചോദ്യം ചെയ്തു.

അതേ സമയം സൈബർ പൊലീസിനു മുന്നിൽ ചൊവ്വാഴ്ച ഹാജരാകാൻ നിർദേശിച്ചിരുന്നെങ്കിലും ഷോ അവതാരകനായ സമയ് റെയ്ന ഒഴിഞ്ഞുമാറി. ഇതിനുപിന്നാലെ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാനുള്ള ഒരുക്കത്തിലാണ് അന്വേഷണ സംഘം.

# അനുമതിയില്ലാതെ സാറ്റലൈറ്റ് ഫോൺ ഉപയോഗം; ഇസ്രയേൽ സ്വദേശി പിടിയിൽ

കോട്ടയം: അനുമതിയില്ലാതെ സാറ്റലൈറ്റ് ഫോൺ ഉപയോഗിച്ച കേസുമായി ബന്ധപ്പെട്ട് ഇസ്രയേൽ സ്വദേശിയെ പൊലീസ് പിടികൂടി. ഇസ്രയേൽ സ്വദേശിയായ ഡേവിഡ് എലി ലിസ്ബോണ (75) എന്നയാളെയാണ് സാറ്റലൈറ്റ് ഫോണുമായി പിടികൂടിയത്. ഇസ്രയേലിൽ നിന്നും കുമരകത്ത് എത്തിയ ഇയാൾ അവിടെനിന്ന് തേക്കടിയിലേക്ക് ഭാര്യയുമായി പോകുന്ന യാത്രാമധ്യേ സാറ്റലൈറ്റ് ഫോൺ ഉപയോഗിച്ചതിനെ തുടർന്ന് ഇന്റലിജൻസ് വിഭാഗം മുഖേന പൊലീസിന് വിവരം ലഭിക്കുകയായിരുന്നു. തുടർന്ന് ഇയാളെ മുണ്ടക്കയത്ത് വച്ച് പൊലീസ് പിടികൂടി. ഇന്റലിജൻസും, എൻ ഐ എയും, പൊലീസും ഇയാളെ ചോദ്യം ചെയ്തു. സാറ്റലൈറ്റ് ഫോൺ പിടിച്ചെടുത്ത് മറ്റ് നിയമ നടപടികൾക്ക് ശേഷം സ്വന്തം ജാമ്യത്തിൽ വിടുകയുമായിരുന്നു. ഇന്ത്യൻ വയർലെസ് ടെലിഗ്രാഫി ആക്ട് പ്രകാരം ഇയാൾക്കെതിരെ കേസ് എടുത്തു.

# വിക്കിപീഡിയയ്ക്കെതിരെ കേസ്

മുംബൈ: ഛത്രപതി സംഭാജി മഹാരാജിനെക്കുറിച്ചുള്ള ആക്ഷേപകരമായ ഉള്ളടക്കം നീക്കാത്തതിന് ഓൺലൈൻ സൗജന്യ എൻസൈക്ലോപീഡിയ ആയ വിക്കിപീഡിയയിലെ എഡിറ്റർമാർക്കെതിരെ കേസ്.

കാലിഫോർണിയ ആസ്ഥാനമായ വിക്കിപീഡിയ ഫൗണ്ടേഷനെതിരെയാണ് നോട്ടീസ്. ഇമെയിലുകളും നോട്ടീസുകളും നൽകിയിട്ടും അമേരിക്കൻ കമ്പനി അവരുടെ ഉള്ളടക്കത്തിൽ തിരുത്തൽ വരുത്താൻ തയ്യാറാകാത്തതിനെ തുടർന്നാണ് കേസെടുത്തതെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

മറാത്ത സാമ്രാജ്യ സ്ഥാപകൻ ഛത്രപതി ശിവാജി മഹാരാജിന്റെ മകനായ സംഭാജി മഹാരാജ് ആദരിക്കപ്പെടുന്ന വ്യക്തിയായതിനാൽ വിക്കിപീഡിയയിലെ ഉള്ളടക്കം തെറ്റാണെന്നും ക്രമസമാധാന പ്രശ്നത്തിന് കാരണമായേക്കാമെന്നും മഹാരാഷ്ട്ര സൈബർ ഏജൻസി നോട്ടീസിൽ പരാമർശിക്കുന്നു.

എന്നാൽ സന്ദേശം ലഭിച്ചെന്ന മറുപടിയല്ലാതെ കമ്പനി അതിനോട് പ്രതികരിച്ചിരുന്നില്ല.

# ഇന്ത്യയ്ക്ക് 2.1 കോടി ഡോളർ നൽകിയെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വാദം തെറ്റെന്ന് റിപ്പോർട്ട്

ഡൽഹി: തെരഞ്ഞെടുപ്പ്കളിൽ വോട്ടർമാരുടെ പങ്കാളിത്തം വർധിപ്പിക്കാൻ ഇന്ത്യയ്ക്ക് 2.1 കോടി ഡോളർ(160 കോടി) നൽകിയെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വാദം തെറ്റെന്ന് റിപ്പോർട്ട്. പണം നൽകിയത് ബംഗ്ലാദേശിനാണെന്നും ഇന്ത്യൻ എക്സ്പ്രസ് പുറത്തിവിട്ട അന്വേഷണാത്മക റിപ്പോർട്ടിൽ പറയുന്നു.

ഫണ്ട് വിതരണം ചെയ്തതിന്റെ ഔദ്യോഗിക രേഖകളുൾപ്പെടെ ചൂണ്ടിക്കാണിച്ചാണ് റിപ്പോർട്ട് പുറത്തുവിട്ടിരിക്കുന്നത്. അമേരിക്ക വിവിധ സമയങ്ങളിലായി 21 മില്യൺ ഡോളർ ബംഗ്ലാദേശിനാണ് അനുവദിച്ചത്. ഇതിൽ 13.4 മില്യൺ ഡോളർ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

2024 ലെ ബംഗ്ലാദേശ് തെരഞ്ഞെടുപ്പിന്റ ഭാഗമായി പഠനങ്ങൾക്കും, ജനങ്ങളെ വോട്ടെടുപ്പിലേക്ക് ആകർഷിക്കുന്നതിനുമാണ് ഈ തുക ചെലവഴിച്ചത്. തെരഞ്ഞെടുപ്പിന് ഏഴ് മാസങ്ങൾക്ക് ശേഷമാണ് ബംഗ്ലാദേശിൽ രാഷ്ട്രീയ അരക്ഷിതാവസ്ഥ ഉടലെടുക്കുന്നതും പ്രധാനമന്ത്രിയായിരുന്ന ഷെയ്ഖ് ഹസീനയെ പുറത്താക്കുന്നതും.

ട്രംപിന്റെ പ്രസംഗത്തിന് പിന്നാലെ ഇന്ത്യയിൽ വിവാദങ്ങൾക്കും ചൂടുപിടിച്ചിരുന്നു. സംഭവത്തിൽ ബിജെപിയും കോൺഗ്രസും പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്, സംഭവത്തിൽ വ്യക്തമായ അന്വേഷണം ആവശ്യപ്പെട്ട് കോൺഗ്രസ് രംഗത്തെത്തി. നമ്മുടെ ജനാധിപത്യ തെരഞ്ഞെടുപ്പ് പ്രക്രിയകളിൽ ഒരു വിദേശ രാജ്യത്തിന്റെ ഇടപെടൽ അനുവദിക്കാനാകില്ലെന്നാണ് കോൺഗ്രസിന്റെ നിലപാട്. വിഷയത്തിൽ ധവളപത്രം പുറത്തിറക്കണമെന്നും കോൺഗ്രസ് ആവശ്യപ്പെടുന്നു.

വാഷിംഗ്ടൺ ആസ്ഥാനമായുള്ള കൺസോർഷ്യം ഫോർ ഇലക്ഷൻസ് ആൻഡ് പൊളിറ്റിക്കൽ പ്രോസസ് സ്ട്രെങ്ത്തനിങ്ങ് (സിഇപിപിഎസ്) വഴിയാണ് ഫണ്ടുകൾ വിതരണം ചെയ്തതത്.

ഈ ഗ്രാന്റുകളെ ചൊല്ലിയാണ് യുഎസിൽ തർക്കം ഉടലെടുത്തത്. സിഇപിപിഎസ് ചെലവഴിച്ച 13.2 മില്യൺ ഡോളറും ബംഗ്ലാദേശിലെ തെരഞ്ഞെടുപ്പ് പ്രക്രിയകൾക്ക് വേണ്ടിയാണ്. കണക്കുകൾ പ്രകാരം 2008 മുതൽ ഇന്ത്യക്ക് അമേരിക്കയാതൊരു ഗ്രാന്റും നൽകിയിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

*

# നിക്ഷേപകർക്കായി കേരളത്തിന് കൈനിറയെ നൽകാനുണ്ടെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ

കൊച്ചി: നിക്ഷേപകർക്കായി കേരളത്തിന് കൈനിറയെ നൽകാനുണ്ടെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു. ടൂറിസം, നിർമ്മാണമേഖല, ലോജിസ്റ്റിക്സ് തുടങ്ങി എല്ലാമേഖലയിലും കേരളം വികസനത്തിന്റെ മുമ്പന്തിയിലാണെന്ന് അദ്ദേഹം പറഞ്ഞു. നിക്ഷേപകർക്ക് ആകർഷകമായ നിക്ഷേപകേന്ദ്രമാണ് കേരളം. ആഗോളനിക്ഷേപങ്ങളുടെ പൂർണമായ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ പിന്തുണ അദ്ദേഹം വാഗ്ദാനം ചെയ്തു. ബോൾഗാട്ടി ലുലു അന്താരാഷ്ട്ര കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ 51 നക്ഷത്ര ഹോട്ടലുകളുണ്ടെന്നറിഞ്ഞു അതിശയിച്ചുപോയി. ലോകമെമ്പാടു നിന്നും സഞ്ചാരികൾ കേരളത്തിലേക്കു എത്തുന്നുവെന്നത് തികച്ചും അഭിമാനാർഹമാണ്. വ്യവസായവികസനത്തിൽ അടിസ്ഥാനസൗകര്യത്തിനു നിർണായക പങ്കുണ്ട്. കേരളം നവീനവും മികച്ചതുമായ അടിസ്ഥാന സൗകര്യം വികസിപ്പിച്ചുവരികയാണ്. കേരളത്തിന്റെ സമുദ്രോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികാസം മതിപ്പുളവാക്കുന്ന വേഗതയിലാണ് വളരുന്നത്. സഹകരണഫെഡറലിസത്തിന്റെ ചൈതന്യം ഉൾക്കൊണ്ടാണ് ഇന്നു രാജ്യം ഒന്നാകെ പ്രവൃത്തിക്കുന്നത്. കുറെയൊക്കെ മത്സരമുണ്ടെങ്കിലും എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രസർക്കാർ മികച്ച സഹകരണമാണ് നൽകുന്നത്. സംസ്ഥാനങ്ങൾ വളരുമ്പോൾ മാത്രമേ രാജ്യത്തിനു വളർച്ചയുണ്ടാകൂ. ലോക സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ 16 ശതമാനം ഇന്ത്യയുടെ സംഭാവനയാണ്. യുഎഇയുമായും ബഹ്റിനുമായും ഇന്ത്യ ഒപ്പുവച്ച വ്യാപാര ഉടമ്പടികൾ കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾക്ക് ഏറെ സഹായകമായിരിക്കും. അമേരിക്കയിലെ ട്രംപ് ഭരണകൂടവുമായി വ്യാപാര ഉടമ്പടിക്കായുള്ള ചർച്ചകൾ ഇന്ത്യ വൈകാതെ ആരംഭിക്കും. ഉടമ്പടികളുടെ മാതാവായിരിക്കുമതെന്നും അദ്ദേഹം പറഞ്ഞു. യൂറോപ്യൻ യൂണിയൻ, യുകെ, ഒമാൻ തുടങ്ങി ചില രാജ്യങ്ങളുമായി വ്യാപാര ഉടമ്പടികൾക്കുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. കേരളത്തിൽ നിക്ഷേപിക്കാനുള്ള അവസരം ഒരു കാരണവശാലും പാഴാക്കാൻ പാടില്ലാത്ത സന്ദർഭമാണിത്.

# വഞ്ചനാ കേസ്: മഹാരാഷ്ട്ര കൃഷി മന്ത്രിക്ക് രണ്ടു വർഷം തടവ്

മുംബൈ: മുപ്പത് വർഷം മുമ്പുള്ള വഞ്ചനാകേസിൽ മഹാരാഷ്ട്ര കൃഷി മന്ത്രി മണിക്റാവു കൊക്കൊതെയ്ക്കും സഹോദരൻ സുനിൽ കൊക്കൊതെയ്ക്കും നാസിക് ജില്ലാ കോടതി രണ്ട് വർഷം തടവ് ശിക്ഷ വിധിച്ചു. അജിത് പവാറിന്റെ നേതൃത്വത്തിലുള്ള നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയിലെ അംഗമാണ് മണിക്റാവു കൊക്കൊതെ. വ്യാജ രേഖകൾ സമർപ്പിച്ച് സർക്കാർ സംവരണത്തിൽ ഫ്ലാറ്റ് സ്വന്തമാക്കിയെന്നാണ് മണിക്റാവു കൊക്കൊതെയ്ക്കെതിരെയുള്ള കേസ്. വരുമാനം 30,000 രൂപയിൽ കുറച്ച് കാണിച്ചായിരുന്നു തട്ടിപ്പ് . അന്തരിച്ച കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായിരുന്ന തുക്കാറാം ദോഹോളാണ് കേസിലെ പരാതിക്കാരൻ.

ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം വഞ്ചന, വ്യാജരേഖ ചമയ്ക്കൽ എന്നിങ്ങനെയുള്ള കുറ്റങ്ങൾക്കുമേൽ 50, 000 രൂപ പിഴയും ചുമത്തി. അനധികൃതമായി നേടിയ ഫ്ലാറ്റ് തിരിച്ചെടുക്കാൻ മഹാരാഷ്ട്ര ഹൗസിങ് ആന്റ് ഏരിയ ഡെവലപ്മെന്റ് അതോറിട്ടിക്കും നാസിക് ഡെപ്യൂട്ടി കളക്ടർക്കും കോടതി നിർദേശം നൽകി.

ഇതേ കേസിൽ കുറ്റക്കാരായ മറ്റ് രണ്ട് പ്രതികളെ മതിയായ തെളിവുകളില്ലെന്ന് കണ്ട് കോടതി വെറുതെ വിട്ടു. വിധിയുടെ പശ്ചാത്തലത്തിൽ മണിക്റാവു മന്ത്രിസ്ഥാനം ഒഴിയേണ്ടി വരും.മേൽക്കോടതിയിൽ അപ്പീൽ സമർപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു.

# അധ്യാപികയുടെ മരണം; മാനേജ്മെന്റിന്റേത് ആസൂത്രിത കുറ്റകൃത്യമെന്ന് ആരോപണം

കോഴിക്കോട്: കോഴവാങ്ങി നിയമനം നൽകാതെ വഞ്ചിച്ചതിൽ മനംനൊന്ത് എയ്ഡഡ് സ്കൂൾ അധ്യാപിക ആത്മഹത്യ ചെയ്ത സംഭവത്തിൽ കുറ്റക്കാർ താമരശേരി രൂപതയ്ക്ക് കീഴിലുള്ള മാനേജ്മെന്റ് തന്നെയാണെന്ന് വ്യക്തമാകുന്നു. ആദ്യം ഇല്ലാത്ത പോസ്റ്റിൽ നിയമനം നൽകാമെന്ന് പറഞ്ഞ് കോഴ വാങ്ങുകയും പിന്നീട് മറ്റൊരു സ്കൂളിലേക്ക് മാറ്റി സമ്മർദത്തിലൂടെ കള്ള സത്യവാങ്മൂലം എഴുതി വാങ്ങി നാലുവർഷത്തെ സർവീസ് ഇല്ലാതാക്കുകയും ചെയ്തത് മാനേജ്മെന്റിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള ആസൂത്രിത കുറ്റകൃത്യമാണെന്നാണ് വിദ്യാഭ്യാസരംഗത്തുള്ളവർ ചൂണ്ടിക്കാട്ടുന്നത്. നിയമനം ലഭിക്കാത്തതിന് കാരണം എയ്ഡഡ് മേഖലയിൽ സർക്കാർ നടപ്പിലാക്കിയ ഭിന്നശേഷി സംവരണമാണെന്നാണ് മാനേജ്മെന്റിന്റെ വാദം. എന്നാൽ ഭിന്നശേഷി സംവരണ സീറ്റായിരുന്നു കോടഞ്ചേരി സ്കൂളിൽ ഇനി വരേണ്ടിയിരുന്നതെങ്കിൽ എന്തിനാണ് മാനേജ്മെന്റ് അലീനയെ കോടഞ്ചേരിയിലേക്ക് സ്ഥലം മാറ്റിയത് എന്ന ചോദ്യത്തിന് മാനേജ്മെന്റ് മറുപടി പറഞ്ഞിട്ടില്ല.

2021ലാണ് അലീനക്ക് താമരശേരി രൂപതയ്ക്ക് കീഴിലുള്ള മാനേജ്മെന്റ് അവരുടെ മുത്തോറ്റിക്കൽ നസ്രത്ത് എൽപി സ്കൂളിൽ 13 ലക്ഷം രൂപ കോഴ വാങ്ങിക്കൊണ്ട് നിയമനം നൽകിയത്. എന്നാൽ അന്ന് ഈ സ്കൂളിൽ അലീനയ്ക്ക് സ്ഥിരനിയമനം നൽകാൻ പറ്റുന്ന പോസ്റ്റ് ഉണ്ടായിരുന്നില്ല. ഈ വിവരം മറച്ചുവച്ചുകൊണ്ടാണ് മാനേജ്മെന്റ് അലീനയിൽ നിന്ന് പണം വാങ്ങിയത്. ദീർഘാവധിയിലുള്ള ഒരു അധ്യാപികയുടെ പോസ്റ്റ് കാണിച്ച് അലീനയെ വഞ്ചിക്കുന്ന നിലപാടാണ് മാനേജ്മെന്റിന്റെ ഭാഗത്ത് നിന്നുണ്ടായതെന്ന് വ്യക്തമായിട്ടുണ്ട്. ഈ പോസ്റ്റ് ഒരിക്കലും സ്ഥിരം നിയമനം നൽകാൻ പറ്റുന്നതായിരുന്നില്ല. അവധിയിലുള്ള അധ്യാപിക തിരികെ വന്നാൽ ഈ സീറ്റ് ഒഴിഞ്ഞുകൊടുക്കേണ്ടി വരുമെന്ന് മാനേജ്മെന്റിന് അറിയാമായിരുന്നിട്ടും അവർ അലീനയിൽ നിന്നും ഇക്കാര്യം മറച്ചുവയ്ക്കുകയായിരുന്നുവെന്നാണ് ആരോപണം. അവധിയിലുള്ള അധ്യാപിക തിരികെ വന്നതോടെ അലീനയുടെ ജോലിയും നഷ്ടമായി. പിന്നീട് മാനേജ്മെന്റ് തന്നെ ഇടപെട്ട് അവരുടെ കീഴിലെ കോടഞ്ചേരി സ്കൂളിലേക്ക് സ്ഥലം മാറ്റുകയായിരുന്നു. ഇവിടെ വച്ച് നേരത്തെ നാലു വർഷത്തോളം താൻ ജോലി ചെയ്തിട്ടില്ലെന്നുള്ള സത്യവാങ്മൂലം എഴുതി വാങ്ങുകയും ചെയ്തു. പുതിയ സ്കൂളിൽ സ്ഥിര നിയമനം ലഭിക്കുമെന്ന പ്രതീക്ഷയിൽ അലീന മാനേജ്മെന്റിന്റെ സമ്മർദത്തിന് വഴങ്ങി അത് എഴുതി നൽകുകയായിരുന്നു. എന്നാൽ ഇതും മാനേജ്മെന്റിന്റെ തന്ത്രമായിരുന്നുവെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. അലീന നേരത്തെ ജോലി ചെയ്ത നാലുവർഷത്തെ ശമ്പളം ചോദിക്കാതിരിക്കാനുള്ള രേഖകൾ ഉറപ്പിക്കലായിരുന്നു മാനേജ്മെന്റ് ഈ സത്യവാങ്മൂലത്തിലൂടെ ചെയ്തത്. എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം ഏർപ്പെടുത്തിയതാണ് നിയമനത്തിനുള്ള തടസമെന്നാണ് മാനേജ്മെന്റിന്റെ വാദം. എന്നാൽ ഭിന്നശേഷി സംവരണ സീറ്റിലേക്ക് ആ വിഭാഗത്തിൽ നിന്നുള്ളവർക്ക് പകരം എങ്ങിനെയാണ് അലീനയ്ക്ക് നിയമപ്രകാരം നിയമനം നൽകാൻ കഴിയുക എന്നാണ് ചോദ്യം ഉയരുന്നത്. ഇതിനിടെ അധ്യാപികയുടെ മരണത്തിന് കാരണം വിദ്യാഭ്യാസ വകുപ്പിന്റെ അനാസ്ഥയാണെന്ന് ആരോപിച്ച് എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ കോഴിക്കോട് ജില്ലാ കമ്മിറ്റിയും രംഗത്തെത്തി. അലീന ബെന്നിയെ മാനേജർ നിയമിച്ചിരിക്കുന്നത് വിദ്യാഭ്യാസ അവകാശങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ചാണെന്നും അശാസ്ത്രീയമായ ഓരോ കാരണങ്ങൾ ചൂണ്ടിക്കാട്ടി വിദ്യാഭ്യാസ വകുപ്പ് നിയമന അംഗീകാരങ്ങൾ വൈകിപ്പിക്കുകയായിരുന്നുവെന്നും അസോസിയേഷൻ ആരോപിച്ചു. വിടപറഞ്ഞ അലീന ബെന്നിയുടെ കുടുംബത്തിന് 25 ലക്ഷം രൂപ അടിയന്തര നഷ്ടപരിഹാരം നൽകണമെന്നും അസോസിയേഷൻ ഭാരവാഹികൾ സർക്കാരിനോട് ആവശ്യപ്പെട്ടു.

# സ്വയം തൊഴിൽ വായ്പാ പദ്ധതി : അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ന്യൂനപക്ഷ വകുപ്പ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾ, വിവാഹ മോചിത, ഉപേക്ഷിക്കപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾ തുടങ്ങിയവർക്ക് സർക്കാർ ധനസഹായത്താൽ 20 ശതമാനം സബ്സിഡിയോടുകൂടി (പരമാവധി ഒരു ലക്ഷം രൂപ വരെ) സ്വയം തൊഴിൽ വായ്പക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. 20 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവർക്ക് അപേക്ഷിക്കാം. പരമാവധി 5 ലക്ഷം രൂപവരെ വായ്പ അനുവദിക്കും. കുടുംബ വാർഷിക വരുമാനപരിധി 2.5 ലക്ഷം വരെയുള്ളവർക്ക് അപേക്ഷിക്കാം. 18 വയസ്സിന് താഴെയുള്ള പ്രായം വരുന്ന കുട്ടികളുടെ അമ്മമാർക്കും, അതി ദാരിദ്ര്യ തിരിച്ചറിയൽ സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളിലെ വിധവകൾക്കും പദ്ധതിയിൽ മുൻഗണന ലഭിക്കും. സബ്സിഡി തുക ഒഴികെയുള്ള ലോൺ തുകയുടെ പലിശ നിരക്ക് 6 ശതമാനമാണ്. അപേക്ഷകൾ ഠഠഠ.സഠാറളര.ീൃഴ ൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് നേരിട്ടോ തപാലിലോ കോർപ്പറേഷന്റെ അതാത് ജില്ലകളിലെ റിജിയണൽ ഓഫീസുകളിൽ മാർച്ച് 6 ന് മുൻപായി എത്തിക്കണം. കാസർകോഡ്, കണ്ണൂർ - കേരള സ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, റീജിയണൽ ഓഫീസ്, ബസ്സ്റ്റാൻഡ് ബിൽഡിംഗ്, ചെർക്കള, ചെങ്കള (പിഒ), കാസർകോട് - 671541, ഫോൺ: 04994-283061.

കോഴിക്കോട്, വയനാട് - കേരള സ്റ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, ഹെഡ് ഓഫീസ്, ഗഡഞളഎഇ ബിൽഡിംഗ്, വെസ്റ്റ്ഹിൽ (പിഒ), ചക്കോരത്ത്കുളം, കോഴിക്കോട് - 673005. ഫോൺ: 0495-2369366.

മലപ്പുറം, പാലക്കാട് - കേരള സ്റ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, റീജിയണൽ ഓഫീസ്, സുന്നി മഹൽ ബിൽഡിംഗ്, ബൈപാസ് റോഡ്, പെരിന്തൽമണ്ണ, മലപ്പുറം - 679322. ഫോൺ: 04933-297017.

എറണാകുളം, ഇടുക്കി, തൃശൂർ, കോട്ടയം - കേരള സ്റ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലമിറ്റഡ്, റീജിയണൽ ഓഫീസ്, ഒന്നാം നില, പിഡബ്ല്യുഡി റെസ്റ്റ് ഹൗസ് ബിൽഡിംഗ് കോംപ്ലക്സ്, പത്തടിപ്പാലം, കളമശ്ശേരി, എറണാകുളം-682 033. ഫോൺ : 0484-2532855.

തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട - കേരള സ്റേറ്റ് മൈനോറിറ്റസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, റീജിയണൽ ഓഫീസ്, കെഎസ്ആർടിസി ടെർമിനൽ കോംപ്ലക്സ്, 9 -ാം നില, തമ്പാനൂർ, തിരുവനന്തപുരം - 695001.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# അച്ഛനമ്മമാർ ഐസിയുവിൽ ഉപേക്ഷിച്ച കുഞ്ഞിന്റെ ചികിത്സാ മേൽനോട്ടത്തിന് മെഡിക്കൽ ബോർഡ്: മന്ത്രി വീണാ ജോർജ്

### മുമ്പത്തെ ചികിത്സാ ചെലവ് ബാലനിധിയിലൂടെ ലഭ്യമാക്കും
### മുലപ്പാൽ മുതൽ എല്ലാമൊരുക്കി എറണാകുളം ജനറൽ ആശുപത്രി

ജാർഖണ്ഡ് സ്വദേശികളായ അച്ഛനമ്മമാർ സ്വകാര്യ ആശുപത്രി ഐസിയുവിൽ ഉപേക്ഷിച്ച് പോയ മൂന്നാഴ്ച മാത്രം പ്രായമായ നവജാത ശിശുവിനെ എറണാകുളം ജനറൽ ആശുപത്രിയിൽ എത്തിച്ച് തുടർന്നുള്ള വിദഗ്ധ പരിചരണം ഉറപ്പാക്കി. കുഞ്ഞിന്റെ സംരക്ഷണം വനിത ശിശുവികസന വകുപ്പ് ഏറ്റെടുക്കുമെന്ന് കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞിരുന്നു. കുഞ്ഞിന് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ ജനറൽ ആശുപത്രി സൂപ്രണ്ടിനും മന്ത്രി നിർദേശം നൽകിയിരുന്നു. ഇതിനെ തുടർന്നാണ് നടപടി. കുഞ്ഞിന്റെ മുമ്പത്തെ സ്വകാര്യ ആശുപത്രിയിലെ ചികിത്സാ ചെലവിന്റെ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന പ്രകാരം വനിത ശിശുവികസന വകുപ്പിന്റെ ബാലനിധിയിലൂടെ അനുവദിക്കുന്നതാണ്.ആശുപത്രിയിലെ പീഡിയാട്രീഷ്യന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ന്യൂബോൺ കെയറിൽ പരിശീലനം നേടിയ നഴ്സ്, എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ എന്നിവരടങ്ങുന്ന സംഘമാണ് കുഞ്ഞിനെ ജനറൽ ആശുപത്രിയിലെത്തിച്ചത്. സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ ചികിത്സയിലുള്ള കുഞ്ഞ് ഇപ്പോഴും ഓക്സിജൻ സപ്പോർട്ടിലാണ്. കുഞ്ഞിന് നിലവിൽ ഒരു കിലോ ഭാരമുണ്ട്. തലയിൽ ചെറിയ രക്തസ്രാവമുണ്ട്. ഓറൽ ആന്റിബയോട്ടിക് ചികിത്സ തുടരുന്നുണ്ട്. ഒരു മാസത്തോളം തീവ്ര പരിചരണം ആവശ്യമാണ്.കുഞ്ഞിന് പ്രത്യേക കരുതലൊരുക്കണമെന്ന് മന്ത്രി വീണാ ജോർജ് ആശുപത്രി സൂപ്രണ്ടിന് നിർദേശം നൽകി. ആശുപത്രി സൂപ്രണ്ട് ഡോ. ഷഹിർഷായുടെ ഏകോപനത്തിൽ പീഡിയാട്രീഷ്യൻ ഡോ. വിജിയുടെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരടങ്ങിയ പ്രത്യേക മെഡിക്കൽ ബോർഡ് കുഞ്ഞിന്റെ ചികിത്സാ മേൽനോട്ടം വഹിക്കും. ബന്ധുക്കളാരും ഇല്ലാത്തതിനാൽ കുഞ്ഞിന്റെ പ്രത്യേക പരിചരണത്തിന് ന്യൂബോൺ കെയറിലെ നഴ്സുമാരെ നിയോഗിച്ചു.കുഞ്ഞിന് മുലപ്പാൽ ബാങ്കിൽ നിന്നും മുലപ്പാൽ ലഭ്യമാക്കി വരുന്നു.വനിതാ ശിശു വികസന വകുപ്പിന്റെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ദിവസവും കുഞ്ഞിനെ സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ആവശ്യമെങ്കിൽ വനിത ശിശുവികസന വകുപ്പിന്റെ കെയർ ടേക്കർമാരേയും നിയോഗിക്കും. മാതാപിതാക്കൾ തിരിച്ചു വരുന്നെങ്കിൽ കുഞ്ഞിനെ അവർക്ക് കൈമാറും. കുഞ്ഞിനെ മാതാപിതാക്കൾക്ക് ഇനി വേണ്ട എന്നാണെങ്കിൽ നിയമപരമായ നടപടികളിലൂടെ കുഞ്ഞിനെ ശിശുക്ഷേമ സമിതി ഏറ്റെടുക്കും.

## പ്രൊഫഷണൽ ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം

കേരളത്തിലെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് 2025–26 വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യരായ വിദ്യാർഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന മാർച്ച് 10 വൈകിട്ട് 5 മണിവരെ ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് മേൽവെബ്സൈറ്റ് സന്ദർശിക്കുക.

# ഏകദിന ശിൽപശാല

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) ജർമ്മൻ ഭാഷ പരിശീലനം നൽകുന്ന പൊതു-സ്വകാര്യ സ്ഥാപനങ്ങൾക്കായി 25 ന് രാവിലെ 9.30 മുതൽ ഹോട്ടൽ ഡിമോറയിൽ ഏകദിന ശില്പശാല നടത്തും. പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ശില്പശാല ഉദ്ഘാടനം ചെയ്യും. ഗോഥെ-സെൻട്രം, ഇൻഡോ-ജർമ്മൻ ചേംബർ ഓഫ് കൊമേഴ്സ്, പ്രോ റെക്കഗ്നിഷൻ, ജിസ് എന്നിവിടങ്ങളിലെ പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുക്കും. സംസ്ഥാനത്തെ ജർമ്മൻ കുടിയേറ്റത്തിലെ വെല്ലുവിളികൾ കണ്ടെത്തുക, ജർമ്മൻ ഭാഷ പരിശീലന രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് ശില്പശാലയുടെ ലക്ഷ്യം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ജർമ്മൻ ഭാഷ പരിശീലന സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്ത് ശില്പശാലയിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ : 9539792994, 9539612921.

# ലീൻ മാനുഫാക്ചറിംഗ് പ്രോസസ്: എസ്.സി.ടിയും ഐ.ഐ.എമ്മും ധാരണ

ലീൻ മാനുഫാക്ചറിംഗ് പ്രോസസിൽ സാധ്യത നേടാൻ ശ്രീ ചിത്ര തിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗും (എസ്.സി.ടി) ബെംഗളൂരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും (ഐഐഎം) ഉം ധാരണയായി. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ എസ്.സി.ടി പ്രിൻസിപ്പാൾ ഡോ. സി. സതീഷ് കുമാറും ഐഐഎം ബെംഗളൂരുനെ പ്രതിനിധീകരിച്ച് മിസുഹോ ഇൻഡ്യ ജപ്പാൻ സ്റ്റഡി സെന്റർ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സായി ദീപ് രത്നവും ഒപ്പുവച്ചു.എസ്.സി.ടി ലെ അധ്യാപകർക്ക് ലീൻ മാനുഫാക്ചറിങ് പ്രോസസ് എന്ന വിഷയത്തിൽ വിദഗ്ധ പരിശീലനം ബെംഗളൂരു ഐഐഎംന്റെ നേതൃത്വത്തിൽ നൽകും. നിർമ്മാണ സ്ഥാപനങ്ങളിൽ മൂല്യവർദ്ധന നൽകാത്ത പ്രവർത്തനങ്ങളെ വ്യവസ്ഥാപിതമായി തിരിച്ചറിഞ്ഞ് അവ ഇല്ലാതാക്കുന്നതിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും പാഴ്ചിലവ് കുറയ്ക്കാനും ലക്ഷ്യമിടുന്ന ഉത്പാദന രീതിയാണ് ലീൻ മാനുഫാക്ചറിംഗ് പ്രോസസ്. ഈ വിഷയത്തിൽ എസ്.സി.ടി ലെ വിദ്യാർഥികൾക്ക് ഐഐഎം രൂപകൽപന ചെയ്യുന്ന പഠനക്രമം അനുസരിച്ച് പരിശീലനം നൽകാനും വിദ്യാർഥികളുടെ ജോലി സാധ്യത വിർധിപ്പിക്കുവാനും സാധിക്കും. സ്പോക്കൺ ട്യൂട്ടോറിയൽ പദ്ധതിയിലൂടെ കോളേജ് ഐഐടി മുംബൈയുടെ അക്കാദമിക് പാർട്ണർ ആണെന്നും ലീപ് പദ്ധതിയിലൂടെ ഐഐടി മദ്രാസുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ അറിയിച്ചു. 2024–25 വർഷത്തിൽ 5 പേറ്റന്റുകൾ നേടിയെടുക്കാനും ടാറ്റ എലക്സി എന്ന വ്യവസായ സ്ഥാപനത്തിന്റെ സഹകരണത്തോടെ എം.ടെക് പ്രോഗ്രാം തുടങ്ങാനും സാധിച്ചതായി അദ്ദേഹം അറിയിച്ചു.

# 18 ദിവസത്തിനുള്ളിൽ 3 ലക്ഷത്തിലധികം പേർക്ക് കാൻസർ സ്ക്രീനിംഗ്

### 'ആരോഗ്യം ആനന്ദം – അകറ്റാം അർബുദം' വൻ വിജയം

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'ആരോഗ്യം ആനന്ദം–അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ പങ്കെടുത്തുകൊണ്ട് 3 ലക്ഷത്തിലധികം (3,07,120) പേർ കാൻസർ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ 1381 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സ്ക്രീൻ ചെയ്തതിൽ 16,644 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, മാധ്യമ പ്രവർത്തകർ, സെക്രട്ടറിയേറ്റ് ജീവനക്കാർ, ടെക്നോപാർക്ക് ജീവനക്കാർ തുടങ്ങിയവർക്കായി പ്രത്യേക ക്യാമ്പുകളും സംഘടിപ്പിച്ചു. ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലെത്തിയാൽ സ്ത്രീകൾക്ക് കാൻസർ സ്ക്രീനിംഗ് നടത്താവുന്നതാണ്.

എല്ലാ സ്ത്രീകളും സ്ക്രീനിംഗിൽ പങ്കെടുത്ത് കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർ പരിചരണവും ലഭ്യമാക്കുന്നതാണ്.2,80,161 സ്ത്രീകൾക്ക് സ്തനാർബുദം ഉണ്ടോയെന്നറിയാൻ സ്ക്രീനിംഗ് നടത്തി. അതിൽ 9,585 പേരെ (3 ശതമാനം) സ്തനാർബുദം സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. 1,91,908 പേരെ ഗർഭാശയഗള കാൻസറിന് സ്ക്രീൻ ചെയ്തതിൽ 7,460 പേരെ (4 ശതമാനം) തുടർ പരിശോധനയ്ക്കായും 1,39,856 പേരെ വായിലെ കാൻസറിന് സ്ക്രീൻ ചെയ്തതിൽ 943 പേരെ (1 ശതമാനം) തുടർ പരിശോധനയ്ക്കായും റഫർ ചെയ്തു. ഈ ക്യാമ്പയിനിലൂടെ നിലവിൽ 37 പേർക്ക് കാൻസർ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷം പേരിലും പ്രാരംഭഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കും.സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും. ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

